**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **10-10-2024 - ൽ മറുപടിയ്ക്ക്**

**തസ്തിക നിർണ്ണയത്തെ തുടർന്ന് ഉണ്ടായ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധ്യാപക തസ്തികകളുടെ നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; അധിക തസ്തികകൾ എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ; | (എ) | 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധ്യാപക തസ്തികകളുടെ നിർണ്ണയ നടപടികൾ പൂർത്തിയായിട്ടില്ല. 26.09.2024 ലെ സ.ഉ.(കൈ) 120/2024/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2024-2025 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിക്കുന്നതിന് 31.10.2024 വരെ സമയം അനുവദിച്ചിട്ടുണ്ട്. 2024-2025 വർഷത്തെ അധിക തസ്തികകളുടെ പ്രാബല്യ തീയതി 01/10/2024 മുതലായിരിക്കും. |
| (ബി) | 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്ക് അനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞത് മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.ടി. പി.ഡി. ടീച്ചർ തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകൾ ഉള്ള പ്രൈമറി സ്കൂളുകളുടെ എണ്ണം, പേര് എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | 2024-25 വർഷത്തിൽ അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുമ്പോൾ മാത്രമേ അധിക തസ്തികകളുള്ള പ്രൈമറി സ്കൂളുകളുടെ പേരും എണ്ണവും ജില്ല തിരിച്ച് ലഭ്യമാവുകയുള്ളൂ. |
| (ഡി) | 2022 മെയ് 31-ന് നിലവിൽ വന്ന എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്ക് 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | 2024-2025 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | 2022 മേയ് 31-ന് നിലവിൽ വന്ന എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിലുണ്ടാവുന്ന എല്ലാ ഒഴിവുകളും, എച്ച്.എം. പ്രൊമോഷൻ മൂലമുണ്ടാവുന്ന ഒഴിവുകൾ ഉൾപ്പെടെ ആവശ്യമായ പ്രൊമോഷനുകൾ നടത്തി നിലവിലെ എൽ.പി.എസ്.ടി. ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് | (ഇ) | ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

| ക്രമ നമ്പർ | ജില്ല | 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞതു മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.ടി, പി.ഡി ടീച്ചർ തസ്തികകളുടെ എണ്ണം. |
|---|---|---|
| 1. | തിരുവനന്തപുരം | LPST 70, UPST 7 ആകെ - 77 |
| 2 | കൊല്ലം | LPST 58, UPST 41 ആകെ - 99 |
| 3 | പത്തനംതിട്ട | LPST 12, UPST 7 ആകെ - 19 |
| 4 | ആലപ്പുഴ | LPST 31, UPST 27 ആകെ - 58 |
| 5 | കോട്ടയം | LPST 10, UPST 2 ആകെ - 12 |
| 6 | ഇടുക്കി | LPST 13, UPST 8 ആകെ - 21 |
| 7 | എറണാകുളം | LPST 14, UPST 16 ആകെ - 30 |
| 8 | തൃശ്ശൂർ | LPST 21, UPST 27 ആകെ - 48 |
| 9 | പാലക്കാട് | LPST 26, UPST 39 ആകെ - 65 |
| 10 | മലപ്പുറം | LPST 66, UPST 37 ആകെ - 103 |
| 11 | കോഴിക്കോട് | LPST 43, UPST 36 ആകെ - 79 |
| 12 | വയനാട് | LPST 14, UPST 16 ആകെ - 30 |
| 13 | കണ്ണൂർ | LPST 26, UPST 2 ആകെ - 28 |
| 14 | കാസർഗോഡ് | LPST 38, UPST 8 ആകെ - 46 |

**സെക്ഷൻ ഓഫീസർ**